"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

## സംഗ്രഹം

ഇടുക്കി ജില്ല- അയ്യപ്പൻ കോവിൽ ഗ്രാമപഞ്ചായത്ത് - 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 പ്രകാരം തടസ്സപ്പെടുത്തിയ തുക - സാധൂകരണം- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്**

സ.ഉ.(സാധാ) നം.2951/2022/LSGD തീയതി,തിരുവനന്തപുരം, 30-11-2022

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 20.05.2021 ലെ PAN/5723/2021-M3(DP) നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 17.08.2022 ലെ ഡി.കെ.എസ്.എ/145/പി.റ്റി.1/2022 നമ്പർ കത്ത്.

## ഉത്തരവ്

ഇടുക്കി ജില്ലയിലെ അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിലെ 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ എന്നീ പദ്ധതികൾ നടപ്പിലാക്കിയിരുന്നു. മേൽ പദ്ധതികൾ പ്രകാരം ഒരു മേശയ്ക്കും കസേരയ്ക്കുമായി 4696/- രൂപ നിരക്കിലാണ് നിർവ്വഹണ ഉദ്യോഗസ്ഥനായ അയ്യപ്പൻകോവിൽ ഗവ. എൽ.പി.എസ് ഹെഡ് മാസ്റ്റർ ചെലവഴിച്ചിട്ടുള്ളത്. 11/01/2016 ലെ സ.ഉ(സാ.ധാ) 4/2016 ഖണ്ഡിക 6.8.4 പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകുന്നതിനുള്ള പരമാവധി ധനസഹായം 4000/- രൂപയാണ്. സർക്കാർ ഉത്തരവിന് വിരുദ്ധമായി 91 കുട്ടികൾക്ക് 696/- രൂപ വച്ച് ആകെ 63,336/- രൂപ അധികമായി ചെലവഴിച്ചതാണ് 2016-17 വർഷത്തെ കേരള സംസ്ഥാന ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 പ്രകാരം തടസപ്പെടുത്തിയിട്ടുള്ളത്.

2. പദ്ധതികൾക്കായി വകയിരുത്തിയ തുക നഷ്ടപെടാതിരിക്കാനും എസ്.സി.പി/ടി.എസ്.പി മേഖലയിലെ പദ്ധതി ചെലവിൽ പഞ്ചായത്ത് പിന്നോട്ട് പോകാതിരിക്കാനുമാണ് 4696/- രൂപയ്ക്ക് ഗ്രാമപഞ്ചായത്ത് ഐകകണ്ഠമായി ടെണ്ടർ അംഗീകരിച്ചതെന്നും തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് മേശയും കസേരയും വാങ്ങി നല്കാൻ നിർവ്വഹണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിതെന്നും ഭരണ സമിതിയോഗം നിരീക്ഷിച്ചിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിപ്പെട്ട, ഉപജീവനത്തിനുപോലും മാർഗ്ഗമില്ലാത്ത ഗുണഭോക്താക്കളിൽ നിന്നും അധികമായി നൽകിയ 696/- രൂപ കണ്ടെത്തുക എന്നത് സാധ്യമല്ലാത്ത സാഹചര്യമാണ് എന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും പൊതു നന്മയെ കരുതി പാർശ്വവത്കരിക്കപ്പെട്ട ജനങ്ങളോടുള്ള പ്രതിബദ്ധത മുൻനിർത്തി ഗ്രാമപഞ്ചായത്ത് ഉത്തമ ബോധ്യത്തോടെയും വിശ്വാസത്തോടെയും നടപ്പിലാക്കിയ പദ്ധതി എന്നതിനാലും മേൽ ഓഡിറ്റ് പരാമർശത്തിന് സാധൂകരണത്തിനായി അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗം തീരുമാനിച്ചിട്ടുണ്ട്. 02/02/2021 ലെ ഇടുക്കി ജില്ലാതല ഓഡിറ്റ് മോണിറ്ററിങ് സമിതിയും സർക്കാർ സാധൂകരണത്തിനായി ശുപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ, ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനവും, ജില്ലാതല ഓഡിറ്റ് മോണിറ്ററിങ് സമിതിയുടെ ശുപാർശയും ഉൾപ്പടെ അനുകൂല ശുപാർശയോടെ സാധൂകരണം നടത്തുന്നതിന് നടപടി സ്വീകരിക്കണം എന്ന് പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. പൊതു നന്മയെ ലക്ഷ്യമാക്കി പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങളോടുള്ള പ്രതിബദ്ധത മുൻ നിർത്തി പഞ്ചായത്ത് ഉത്തമ ബോധ്യത്തോടെയും വിശ്വാസത്തോടെയും നടപ്പിലാക്കിയ പദ്ധതിയായതിനാൽ

സർക്കാർ സാധൂകരണം നൽകാവുന്നതാണെന്നുള്ള അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിന്റെ 27.11.2017 ലെ 6/18 നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പരിഗണിച്ചും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു ജനസമൂഹത്തിന് നൽകിയ സഹായം എന്ന വസ്തുത പരിഗണിച്ചും സർക്കാരിന് സാധൂകരണം നൽകാവുന്നതാണെന്നു ഓഡിറ്റ് വകുപ്പ് അഭിപ്രായപ്പെടുന്നു. ടി വിഷയത്തിൽ സർക്കാരിന് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും പരാമർശം (2) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ മേൽ വസ്തുതകൾ വിശദമായി പരിശോധിച്ചു. അയ്യപ്പൻ കോവിൽ ഗ്രാമപ്പഞ്ചായത്തിന്റെ ഭരണ സമിതി തീരുമാനം, ഇടുക്കി ജില്ലാതല ഓഡിറ്റ് മോണിറ്ററിങ് സമിതിയുടെ ശിപാർശ, പഞ്ചായത്ത് വകുപ്പ് ഡയറക്ടറുടെ ശിപാർശ, സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ ശിപാർശ എന്നിവ പരിഗണിച്ചും, പൊതു നന്മയെ ലക്ഷ്യമാക്കി, പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങളോടുള്ള പ്രതിബദ്ധത മുൻനിർത്തി പഞ്ചായത്ത് ഉത്തമബോധ്യത്തോടെയും വിശ്വാസത്തോടെയും നടപ്പിലാക്കിയ പദ്ധതിയായതിനാലും ഇടുക്കി ജില്ലയിലെ അയ്യപ്പൻകോവിൽ ഗ്രാമപ്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1 ൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിന് മേശ, കസേര എന്നിവ വാങ്ങി നൽകിയ പദ്ധതിയിൽ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പ്രകാരമല്ലാതെ അധികം ചെലവഴിച്ച 63,336/- (അറുപത്തിമൂവായിരത്തി മുന്നൂറ്റി മുപ്പത്തിയാറു രൂപ മാത്രം ) രൂപയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റീജ ജസ്റ്റസ്
ഡെപ്യൂട്ടിസെക്രട്ടറി

ഡയറക്ടർ, കേരളം സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ് (റൂറൽ), തിരുവനന്തപുരം
ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഡിറ്റ് വകുപ്പ്, ഇടുക്കി.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
സെക്രട്ടറി, അയ്യപ്പൻകോവിൽ ഗ്രാമ പഞ്ചായത്ത്, ഇടുക്കി.
അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ